# കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20

പാസ്പോർട്ട് സൈസ്
ഫോട്ടോ ഇവിടെ
ഒട്ടിക്കണം

## കലാപരിശീലനത്തിന് ധനസഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേര്

2. വയസ്സും ജനനത്തീയതിയും
(ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ
സർട്ടിഫിക്കറ്റിന്റെ കോപ്പി അടക്കം ചെയ്യുക)

3. രക്ഷാകർത്താവിന്റെ പേരും പൂർണ്ണമായ
വിലാസവും (ജില്ല ഉൾപ്പെടെ)
അപേക്ഷകനുമായുള്ള ബന്ധവും }

4. രക്ഷാകർത്താവിന്റെ വാർഷിക വരുമാനം
(വാർഷിക വരുമാനം തെളിയിക്കുന്ന വില്ലേജ്
ഓഫീസറുടെ ഒറിജിനൽ സർട്ടിഫിക്കറ്റ്
ഹാജരാക്കണം) }

5. ഏതു കലാശാഖയിലാണ് പരിശീലനം
നടത്തുന്നത്
എ) ഭരതനാട്യം
ബി) മോഹിനിയാട്ടം, കേരളനൃത്തം
സി) ശാസ്ത്രീയസംഗിതം - വായ്പാട്ട്
ഡി) ശാസ്ത്രീയ സംഗീതം
i വയലിൻ
ii വീണ
iii മൃദംഗം
(ഏതാണെന്ന് വ്യക്തമാക്കുക)

6. ഇപ്പോൾ ഏതു വിദ്യാലയത്തിൽ / അദ്ധ്യാപകന്റെ
കീഴിൽ ശിക്ഷണം നേടുന്നു? എത്ര വർഷമായി
ഇവിടെ പഠിക്കുന്നു? (ഇതിനുള്ള രേഖകൾ
ഹാജരാക്കണം) }

7. അപേക്ഷകൻ ഇനിനുമുമ്പ് മേൽസൂചിപ്പിച്ച
കലാവിഭാഗത്തിൽ പരിശീലനം നേടിയിട്ടുണ്ടോ?
ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ചേർക്കുക }

8. അപേക്ഷകന് മേല്പറഞ്ഞ കലാവിഭാഗത്തിൽ
വല്ല ബഹുമതിപത്രങ്ങളോ സമ്മാനങ്ങളോ
ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരങ്ങൾ
ചേർക്കുക (ഇതിനുള്ള രേഖകൾ ഹാജരാക്കണം) }

9. ഗവൺമെന്റിൽനിന്നോ മറ്റേതെങ്കിലും
സ്ഥാപനങ്ങളിൽനിന്നോ ധനസഹായം
ലഭിക്കുന്നുണ്ടോ? }

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ ഞാൻ സത്യം ബോധപ്പെടുത്തുന്നു.

(രക്ഷിതാവിന്റെ പേരും ഒപ്പും)

(അപേക്ഷകന്റെ ഒപ്പ്)

(മറുപുറം)

## അദ്ധ്യാപകന്റെ ശുപാർശ

മേൽപ്പറഞ്ഞ കുട്ടിയെ വിഭാഗത്തിൽ കൊല്ലമായി ഞാൻ പരിശീലിപ്പിച്ചുവരുന്നു. സ്റ്റൈപ്പന്റിന് തെരഞ്ഞെടുക്കുന്നപക്ഷം തുടർന്നും പരിശീലനം നൽകുന്നതിന് എനിക്ക് സമ്മതമാണ്.

(അദ്ധ്യാപകന്റെ ഒപ്പ്)

സ്ഥാപനത്തിന്റെ സീല്

പേരും പൂർണ്ണമായ വിലാസവും

---

## ഓഫീസ് ഉപയോഗത്തിന് മാത്രം

# കേരള സംഗീത നാടക അക്കാദമി
# കുട്ടികൾക്ക് കലാപരിശീലനത്തിന് ധനസഹായം നൽകുന്നതിനുളള നിയമങ്ങൾ

(1) ഈ പദ്ധതിയനുസരിച്ച് അക്കാദമിയുടെ ബഡ്ജറ്റിനു വിധേയമായി ഒരു കുട്ടിക്ക് പ്രതിമാസം 150/- രൂപാ വീതം ഒരു വർഷത്തേക്ക് സ്റ്റൈപ്പന്റ് കാലാവധി നിശ്ചയിച്ചിട്ടുളളതും താഴെ അഞ്ചാം റൂളിൽ പറയും പ്രകാരം വീണ്ടും തെരഞ്ഞെടുക്കുന്നപക്ഷം സ്റ്റൈപ്പന്റ് തുടർന്ന് നൽകാവുന്നതുമാകുന്നു. ബഡ്ജറ്റിനു വിധേയമായി ഈ ധനസഹായം പ്രതിവർഷം വീണ്ടും തുടർന്ന് തെരഞ്ഞെടുക്കപ്പെടുന്നവരും പുതിയതായി തെരഞ്ഞെടുക്കപ്പെടുന്നവരും ഉൾപ്പെടെ 125 കുട്ടികൾക്കുവരെ നൽകാവുന്നതാണ് എന്ന് ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

(2) സ്റ്റൈപ്പന്റിനുളള അപേക്ഷ അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ അയക്കേണ്ടതാണ്.

(3) കർണ്ണാടക സംഗീതത്തിൽ വായ്പാട്ടും വാദ്യസംഗീതവും, നൃത്തവിഭാഗത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, കേരളനൃത്തം എന്നീ കലാശാഖകളിൽ പരിശീലനം നേടുന്നതിന് മാത്രമേ ഈ പദ്ധതിയനുസരിച്ച് സ്റ്റൈപ്പന്റ് നൽകുകയുളളൂ.

(4) സ്റ്റൈപ്പന്റിനായി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടിയുടെ പ്രായം അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ പതിനേഴ് വയസ്സിൽ കൂടാനോ പത്തു വയസ്സിൽ കുറയാനോ പാടില്ല.

(5) തുടർന്ന് പഠിക്കുന്ന കുട്ടികളേയും പുതുതായി തെരഞ്ഞെടുക്കേണ്ട കുട്ടികളേയും നിശ്ചയിക്കുന്നത് കേരള സംഗീത നാടക അക്കാദമിയുടെ തീരുമാനം അനുസരിച്ചായിരിക്കും.

(6) സ്റ്റൈപ്പന്റിനായി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടിയുടെ രക്ഷിതാവിന് 20,000/- രൂപയിൽ കവിഞ്ഞ വാർഷിക വരുമാനം ഉണ്ടായിരിക്കരുത്. വാർഷിക വരുമാനം തെളിയിക്കുന്ന രേഖ വില്ലേജ് ഓഫീസറിൽനിന്നും വാങ്ങി രക്ഷിതാവ് ഹാജരാകേണ്ടതാണ്.

(7) തെരഞ്ഞെടുക്കപ്പെടുന്ന കുട്ടി അക്കാദമി അംഗീകരിക്കുന്ന സ്ഥാപനത്തിന്റെയോ, അദ്ധ്യാപകന്റെയോ കീഴിൽ പരിശീലനം നേടേണ്ടതാണ്.

(8) സ്റ്റൈപ്പന്റ് ലഭിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ മദ്ധ്യവേനൽ അവധി അനുവദിക്കുന്ന സ്ഥാപനങ്ങളിലോ ഗുരുക്കന്മാരുടെ കീഴിലോ പഠിക്കുന്നവരാണെങ്കിൽ അങ്ങനെയുളള വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് മദ്ധ്യവേനൽ അവധികാലമായ ഏപ്രിൽ,മെയ് എന്നീ രണ്ടു മാസത്തേക്ക് സ്റ്റൈപ്പന്റ് നൽകുന്നതല്ല. എന്നാൽ മേൽപ്രകാരം മദ്ധ്യവേനൽ അവധി അനുവദിക്കാത്ത സ്ഥാപനങ്ങളിലും അദ്ധ്യാപകരുടെ കീഴിലും പഠിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് കൊല്ലത്തിൽ പന്ത്രണ്ട് മാസവും സ്റ്റൈപ്പന്റ് നൽകുന്നതാണ്.

(9) കലാപരിശീലനത്തിന് അക്കാദമിയിൽനിന്നും ധനസഹായം നൽകുന്നത് പരമാവധി ആറു വർഷത്തേക്കായിരിക്കും. എന്നാൽ ഓരോ വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടേയും പഠനപുരോഗതി ഓരോ വർഷവും അക്കാദമി നിർവ്വാഹകസമിതി പരിശോധിച്ചശേഷം വർഷാവസാനമാകുമ്പോൾ അടുത്ത വർഷത്തേക്ക് ധനസഹായം തുടർന്നു നൽകണമോ എന്ന് തീരുമാനിക്കുന്നതാണ്.

(10) കേരളത്തിൽ ജനിച്ചുവളർന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് അവർ എവിടെ കലാപഠനം നിർവ്വഹിക്കുന്നു എങ്കിലും ധനസഹായത്തിന് തെരഞ്ഞെടുക്കുവാൻ അർഹത ഉണ്ടായിരിക്കും.

(11) എതു രാജ്യത്തിൽനിന്നും കേരളത്തിൽ വന്നവരാണെങ്കിലും കേരളത്തിൽ കലാപഠനം നിർവ്വഹിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് ഈ ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കും.

(മറുപുറം)